കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ. കെ.ആർ. രാഗേഷ് (എച്ച്.എസ്.എസ്.റ്റി., ജി.എച്ച്.എസ്.എസ്. ഏഴൂർ, തിരൂർ, മലപ്പുറം) - കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിലെ അസി. ജില്ലാമിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1039/2020/ത.സ്വ.ഭ.വ തീയതി.തിരുവനന്തപുരം.03/06/2020.

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/ധന. നം. സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/ധന.
3.17.12.2016 -ലെ സ.ഉ.(സാധാ)നം.3445/2016/തസ്വഭവ
4.05.05.2018 -ലെ സ.ഉ.(സാധാ)നം.1274/2018/തസ്വഭവ
5.07.03.2019 -ലെ സ.ഉ.(സാധാ)നം.555/2019/തസ്വഭവ
6. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05/02/2020-ലെ 558/ഇ 1/2017/ കെ.എസ്.എച്ച്.ഒ. നമ്പർ കത്ത് .

<u>ഉത്തരവ്</u>

ശ്രീ.കെ.ആർ.രാഗേഷ് -നെ (എച്ച്.എസ്.എസ്.റ്റി., ജി.എച്ച്.എസ്.എസ്. ഏഴൂർ, തിരൂർ, മലപ്പുറം) കുടുംബശ്രീ എറണാകുളം ജില്ലാ മിഷൻ ഓഫീസിൽ അസി. ജില്ലാമിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3) ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം (4), (5) പ്രകാരം ടിയാളുടെ അന്യത്രസേവനം 09/01/2020 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 09/01/2020 -ൽ അവസാനിച്ച സാഹചര്യത്തിൽ 10/01/2020 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി പ്രസ്തുത സേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (6) -ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാമിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ ജോലി നോക്കി വരുന്ന ശ്രീ.കെ.ആർ.രാഗേഷ് -ന്റെ (എച്ച്.എസ്.എസ്.റ്റി., ജി.എച്ച്.എസ്.എസ്. ഏഴൂർ, തിരൂർ, മലപ്പുറം) കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലം കേരള സർവ്വീസ് റൂൾസ് ഭാഗം-1 ചട്ടം140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 10/01/2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**നന്ദന.ആർ.പി**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീ.കെ.ആർ.രാഗേഷ് (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ഡയറക്ടർ, പൊതുവിദ്യാഭ്യാസം, ഹയർസെക്കന്ററി വിംഗ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**